(ബി) ഉച്ചക്കഞ്ഞി വിതരണം ചെയ്ത വകയിൽ സ്കൂളുകൾക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട് ; കുടിശ്ശിക തുക എത്ര ;

(സി) പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി സ്ലേറ്റും പെൻസിലും നൽകുന്ന പദ്ധതി ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി ആവശ്യമായ തുക സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) സ്ലേറ്റും പെൻസിലും നൽകിയ വകയിൽ സ്കൂളുകൾക്ക് എന്ത് തുക കുടിശ്ശിക നൽകാനുണ്ട് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) കുടിശ്ശിക ഇല്ല.

(സി) ഈ വർഷവും തുടരുന്നതാണ്. അനുവദിച്ച തുക സ്കൂളുകൾക്ക് ആവശ്യകത അനുസരിച്ച് നൽകുന്നതാണ്.

(ഡി) കുടിശ്ശികയുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

**മതികെട്ടാൻ ചോലവനം കയ്യേറ്റം സംബന്ധിച്ച് കുറ്റക്കാരായ റവന്യൂ ഉദ്യോഗസ്ഥന്മാർ**

11 (*278) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതികെട്ടാൻ ചോലവനം കയ്യേറ്റം സംബന്ധിച്ച് കുറ്റക്കാരായ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ പേരിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) എത്ര ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു ; അവർ ആരെല്ലാം ;

(സി) ഇതിൽ എത്ര പേരുടെ സസ്പെൻഷൻ പിൻവലിച്ചു ;

(ഡി) എന്തെങ്കിലും ശിക്ഷണ നടപടികൾ ഇവരുടെ പേരിൽ സ്വീകരിച്ചിട്ടുണ്ടോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സർവ്വീസിലുണ്ടായിരുന്ന റവന്യൂ വകുപ്പിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയുണ്ടായി.

1. ശ്രീ. റ്റി. ജെ. മാത്യു, ജില്ലാ കളക്ടർ, ഇടുക്കി.
2. ശ്രീ. പീറ്റർ ജോൺ, തഹസീൽദാർ, ഉടുമ്പൻചോല.

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. ആർ. ശശിധരൻ പിള്ള, താലൂക്ക് സർവ്വേയർ, ഉടുമ്പൻചോല.

4. ശ്രീ. പി. എൻ. സന്തോഷ്, വില്ലേജാഫീസർ, ഉടുമ്പൻചോല.

കൂടാതെ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത് കഴിഞ്ഞ താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

1. ശ്രീ. എസ്. പ്രഭാകരൻപിള്ള (റിട്ടയേർഡ് ജില്ലാ സർവ്വേ സൂപ്രണ്ട്)

2. ശ്രീ. തങ്കപ്പൻ, റിട്ടയേർഡ് വില്ലേജാഫീസർ.

3. ശ്രീ. റ്റി. സി. തങ്കപ്പൻ, റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടർ.

ഇതിനു പുറമേ ഈ കേസുമായി ബന്ധപ്പെട്ടുവെന്ന് കരുതുന്ന ഉദ്യോഗസ്ഥരെ മുഴുവൻ, താലൂക്കിനും ജില്ലയ്ക്കും പുറത്തേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായി.

(ബി) ശ്രീ. റ്റി. ജെ. മാത്യു, ശ്രീ. പീറ്റർ ജോൺ, ശ്രീ. ആർ .ശശിധരൻപിള്ള, ശ്രീ. പി. എൻ. സന്തോഷ്.

(സി) ഇതിൽ ശ്രീ. പി. എൻ. സന്തോഷിന്റെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ട്.

(ഡി) മറ്റുള്ളവരുടെ പേരിൽ ശിക്ഷണ നടപടികൾ കൈക്കൊണ്ട് വരുന്നു.

**" കാലവർഷക്കെടുതിക്കുള്ള നഷ്ടപരിഹാരം"**

12(*279) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ഉണ്ടായ കാലവർഷം കാരണം നഷ്ടം സംഭവിച്ച കർഷകർക്ക് സീസൺ ആയിരുന്നില്ല എന്ന കാരണം പറഞ്ഞ് നഷ്ടപരിഹാരം അനുവദിക്കാതിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly